# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1173** — **06.02.2020 ൽ മറുപടിക്ക്**

## ചേലക്കര-എളനാട് റോഡ് പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ് | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചേലക്കര നിയോജകമണ്ഡലത്തിലെ സി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി പന്ത്രണ്ട് കോടി രൂപ അനുവദിച്ച ചേലക്കര - എളനാട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി ടെണ്ടർ കഴിഞ്ഞ് എഗ്രിമെന്റ് വെച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ച തീയതി 08.07.2019 ൽ ആണ്. |
| (ബി) പ്രവൃത്തി ആരംഭിക്കുന്നതിന് പൊതുമരാമത്ത് എൻ.എച്ച് വിഭാഗം ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) <u>സ്വീകരിച്ച നടപടികൾ</u><br>1. കരാർ ഉടമ്പടിയിൽ ഏർപ്പെട്ടതിനു ശേഷം പ്രവൃത്തി സ്ഥലം കരാറുകാരനു കൈമാറി.<br>2. പ്രാരംഭ ലെവൽ എടുക്കുന്ന പ്രവൃത്തി പൂർത്തിയായി.<br>3. ഓടയുടെ നിർമ്മാണത്തിനായി 120 മീറ്റർ എസ്കവേഷൻ നടത്തി<br>4. റോഡുപണികൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ വില നിർണ്ണയിച്ചു നൽകുന്നതിനായി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിനും, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്കും, ടെലികോം കേബിളുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ബി.എസ്.എൻ.എൽ നും കത്ത് നൽകിയിട്ടുണ്ട്. |
| (സി) പുനരുദ്ധാരണ പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടില്ലാത്തതിനാൽ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം പൊതുമരാമത്ത് എൻ.എച്ച് വിഭാഗത്തിന് നൽകുമോ; വിശദാംശം വ്യക്തമാക്കാമോ? | (സി) നൽകുന്നതാണ്. 18.11.2019-ൽ ഓടയുടെ നിർമ്മാണത്തിനായി എസ്കവേഷൻ ആരംഭിച്ചു. എന്നാൽ ഈ ഭാഗത്തു കൂടി പോകുന്ന കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈന് leakage സംഭവിച്ചതിനാൽ പ്രവൃത്തി നിർത്തിവെയ്ക്കേണ്ടതായിട്ടു വന്നു. 27.01.2020-ൽ പ്രവൃത്തി പുനരാരംഭിച്ചു എങ്കിലും കാന |

നിർമ്മാണത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈന് ക്ഷതം സംഭവിച്ച് വീണ്ടും leakage ഉണ്ടായി.

ഈ പ്രവൃത്തിയുടെ ഭാഗമായി എല്ലാ എസ്കവേഷൻ പ്രവൃത്തികളും മുൻകൂട്ടി കേരള വാട്ടർ അതോറിറ്റിയെ അറിയിക്കുകയും കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽനോട്ടവും സാന്നിദ്ധ്യവും ഉറപ്പു വരുത്തിയിരുന്നു. എന്നാൽ പൈപ്പ് ലൈനുകൾ ഉപരിതലത്തിൽ നിന്നും താഴ്ചകുറവിൽ ആണ് സ്ഥാപിച്ചിരിക്കുന്നത്. ഇതുമൂലം പ്രവൃത്തിയുടെ സുഗമമായ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. കാന നിർമ്മാണം പൂർത്തിയായതിനു ശേഷം മാത്രമേ റോഡ് ഉപരിതലം പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**